തുടങ്ങിയവമൂലം ഉണ്ടാകുന്ന ഒഴിവുകൾ മറ്റ് ഭരണപരമായ കാരണങ്ങളാൽ അത്യാവശ്യമായി വരുന്ന നിയമനങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ ജീവനക്കാരെ സ്ഥലം മാറ്റി നിയമിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) 1997-98-ൽ 113 ജീവനക്കാരേയും 1998-99-ൽ 87 ജീവനക്കാരേയും ബാങ്കിൽ നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇല്ല.

187 (1731) ഇളംകുളം സഹകരണ ബാങ്കിൽ നടന്ന അഴിമതി

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഇളംകുളം സഹകരണ ബാങ്കിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) ഈ ബാങ്കിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ബാങ്കിൽ നിന്നും ഈ ബാങ്കിന് എത്ര കോടിരൂപ നിക്ഷേപകരുടെ തുക മടക്കിക്കൊടുക്കുവാൻ വേണ്ടി കൊടുത്തിട്ടുണ്ട്;

(ഡി) ഇപ്പോൾ ഇളംകുളം ബാങ്ക് ജില്ലാ ബാങ്കിന് എത്ര കോടിരൂപ കൂടിശ്ശികയായി നൽകുവാൻ ഉണ്ട്;

(ഇ) കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളുടെ നിബന്ധനകൾക്ക് എതിരായി ഇളംകുളം ബാങ്കിന് കൂടുതൽ തുക നൽകിയതിനെ വിമർശിച്ചുകൊണ്ട് വന്ന നബാർഡിന്റെ റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ നബാർഡിന്റെ നിർദ്ദേശത്തോട് ഗവൺമെന്റിനുള്ള സമീപനം എന്താണ്;

(ജി) നബാർഡിന്റെ നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിശോധിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) 3,62,91,623/- രൂപയുടെ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അംഗങ്ങളുടേയും നിക്ഷേപകരുടേയും താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിക്ഷേപകരുടെ ഒരു യോഗം 29.1.1998-ൽ ഇളംകുളം സെന്റ് മേരീസ് ചർച്ച് പാരിഷ് ഹാളിൽ വച്ച് സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ സഹകരണ രജിസ്ട്രാർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് എന്നിവർ പങ്കെടുക്കുകയുണ്ടായി. സഹകരണ വകുപ്പുമന്ത്രി, സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ്, ജനറൽ മാനേജർ, സഹകരണ സംഘം രജിസ്ട്രാർ, ഇളംകുളം സഹകരണ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിനിസ്ട്രേഷൻ എന്നിവരുടെ ഒരു യോഗം വിളിച്ചുകൂട്ടി ബാങ്ക് പ്രവർത്തനം മെച്ചപ്പെടുത്താനും നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനും തീരുമാനങ്ങളെടുത്തിട്ടുണ്ട്. തുടർന്ന് കാലാകാലങ്ങളിൽ യോഗം വിളിച്ചുകൂട്ടി നടപടികളുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

(സി) ജില്ലാ ബാങ്കിൽ നിന്നും 5.50 കോടിരൂപ സ്പെഷ്യൽ ഒ.ഡി. ആയി നൽകിയിട്ടുണ്ട്.

(ഡി) 5 കോടി 92 ലക്ഷം രൂപ

(ഇ) ഇളങ്കുളം ബാങ്കിൽനടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേന്ദ്ര ബാങ്കിന് നഷ്ടമുണ്ടെന്ന് ബാങ്കിന്റെ 31.3.1998-ലെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കിയുള്ള പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(എഫ്) &(ജി) ഇളങ്കുളം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

188 (1732) ചിറ്റൂരിലെ സഹകരണ സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്കുനേരെ നടന്ന അക്രമം

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂരിലെ നല്ലേപ്പിള്ളി, പട്ടഞ്ചേരി സഹകരണ സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിൽ സ്ത്രീകളെ തടയുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ഐഡന്റിറ്റി കാർഡ് നശിപ്പിക്കുകയും ചെയ്തതായി വനിതാ കമ്മീഷൻ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തെരഞ്ഞെടുപ്പുകൾ അസാധുവാക്കണമെന്നും എല്ലാവർക്കും ഐഡന്റിറ്റി കാർഡ് നൽകി രണ്ട് മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നും വനിതാ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതനുസരിച്ച് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആവശ്യപ്പെട്ടതായി അറിവില്ല.

(സി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly